## പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 184 — 04-10-2016-ൽ മറുപടിയ്ക്ക്

## വൈദ്യുതി ക്ഷാമം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.അനിൽ അക്കര :<br>ശ്രീ. റോജി എം. ജോൺ :<br>ശ്രീ .എം. വിൻ സെന്റ് :<br>ശ്രീ ഹൈബി ഈഡൻ : | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(വൈദ്യുതിയും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനം കടുത്ത വൈദ്യുതി ക്ഷാമത്തിലേക്ക് നീങ്ങുന്നുണ്ടോ;<br><br>(ബി) എങ്കിൽ ഇതിനുള്ള കാരണങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ ; | (എ) & (ബി) ഇല്ല. എന്നാൽ സെപ്റ്റംബർ 30 വരെയുള്ള കണക്ക് പ്രകാരം ഇലക്ട്രിസിറ്റി ബോർഡിന്റെ ജല വൈദ്യുത പദ്ധതികളുടെ റിസർ വോയറുകളിലേക്ക് ലഭിച്ച നീരൊഴുക്ക് പ്രതീക്ഷിച്ച നീരൊഴുക്കിന്റെ 58 % മാത്രമേയുള്ളൂ. അതിനാൽ വേനൽകാലത്തേക്കുള്ള വൈദ്യുതി ലഭ്യതയിൽ കുറവ് പ്രതീക്ഷിക്കുന്നുണ്ട്. |
| (സി) പ്രസ്തുത പ്രതിസന്ധി തരണം ചെയ്യുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത് ? | (സി) വർദ്ധിച്ച് വരുന്ന വൈദ്യുതി ആവശ്യകത കണക്കിലെടുത്ത്, ലഭിച്ചുകൊണ്ടിരിക്കുന്ന കേന്ദ്ര വൈദ്യുത വിഹിതത്തിന് പുറമേ ഹ്രസ്വ, മധ്യ, ദീർഘ കാല വൈദ്യുതി വാങ്ങൽ കരാറുകളിൽ ഏർ പ്പെട്ട് വൈദ്യുതി ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. എന്നാൽ ഈ കരാറുകൾക്ക് സംസ്ഥാന റെഗുലേറ്ററി കമ്മീഷന്റെ അനുമതി ലഭിക്കേണ്ടതുണ്ട്. കൂടാതെ റിസർ വോയറുകളിൽ ഇപ്പോഴുള്ള ജലം വേനൽകാലത്തേക്ക് കരുതി വെയ്ക്കാൻ ഇപ്പോൾതന്നെ പവർ എക്സ് ചേഞ്ചുകൾ വഴി വില കുറവുള്ള സമയങ്ങളിൽ വൈദ്യുതി വാങ്ങുന്നുണ്ട്. കൂടാതെ വേനൽകാലത്ത് വേണ്ടി വരാവുന്ന അധിക വൈദ്യുതി ഉപയോഗം കണക്കിലെടുത്ത് 200 മെഗാവാട്ട് വൈദ്യുതി കൂടി ലഭ്യമാക്കാൻ ശ്രമിക്കുന്നുണ്ട്. |

Hemalatha

സെക്ഷൻ ഓഫീസർ